നമ്പർ: വൈ (1) 9898/2007/ഡി.പി.ഐ

വിദ്യാഭ്യാസ ഡയറക്ടറേറ്റ്
തിരുവനന്തപുരം
തിയ്യതി: 22-02-07

# സർക്കുലർ

വിഷയം : 1. വൈ. (1) 01/06/ഡി.പി.ഐ തിയ്യതി 22-02-06 ലെ സർക്കുലർ
2. വൈ (1) 54385/06 ഡി.പി.ഐ തിയ്യതി 14-02-06 ലെ സർക്കുലർ

എസ്.എസ്.എൽ.സി പരീക്ഷയ്ക്ക് ഗ്രേസ് മാർക്കിന് അർഹതയുള്ള വിദ്യാർത്ഥികളുടെ ലിസ്റ്റ് ജില്ലാ വിദ്യാഭ്യാസ ഓഫീസർ വഴി ഈ ഓഫീസിലേയ്ക്ക് അയക്കുമ്പോൾ താഴെ പറയുന്ന കാര്യങ്ങൾ ശ്രദ്ധിക്കേണ്ടതാണ്.

ജൂനിയർ റെഡ്ക്രോസ്സ് കേഡറ്റുകൾക്ക് താഴെപ്പറയുന്ന യോഗ്യത ഉണ്ടെങ്കിൽ എസ്.എസ്.എൽ.സിക്ക് 10 മാർക്ക് ബോണസ് മാർക്കായി അനുവദിക്കാവുന്നതാണ്.

1. സ്കൂളുകളിൽ പ്രവർത്തിക്കുന്ന ജൂനിയർ റെഡ്ക്രോസ്സ് യൂണിറ്റുകളുടെ പ്രവർത്തനം തൃപ്തികരമാണെന്ന് ബന്ധപ്പെട്ട സ്കൂൾ അധികൃതരുടെ സാക്ഷ്യപത്രം.

2. അഞ്ചാം സ്റ്റാൻഡേർഡ് മുതൽ പത്താം സ്റ്റാൻഡേർഡ് വരെ ജെ.ആർ.സി പ്രവർത്തനങ്ങളിൽ ബന്ധപ്പെടുകയും 75% ഹാജരോടുകൂടി ജെ.ആർ.സി സംസ്ഥാന കമ്മിറ്റിയുടെ കോഴ്സ് സർട്ടിഫിക്കറ്റ് (സി) നേടുകയും ചെയ്തിരിക്കേണ്ടതാണ്.

3. ജെ.ആർ.സി സംസ്ഥാന കമ്മിറ്റി തയ്യാറാക്കിയ റെഡ്ക്രോസ്സ് സൊസൈറ്റി അംഗീകരിച്ചിട്ടുള്ള സിലബസ്സ് അനുസരിച്ച് ഫസ്റ്റ് എയ്ഡ്, അഗ്നിശമന പ്രവർത്തനങ്ങൾ, ആരോഗ്യപരിപാലനവും സംരക്ഷണവും, ട്രാഫിക് അടയാളങ്ങളും, നിയമങ്ങളും എന്നീ വിഷയങ്ങളിൽ അറിവും അവയെ ആസ്പദമാക്കി ജെ.ആർസി സംസ്ഥാന കമ്മിറ്റി നടത്തുന്ന പരീക്ഷ 50% മാർക്കോടെ പാസ്സായതിന്റെ സർട്ടിഫിക്കറ്റ്.

4. ശുചീകരണ പ്രവർത്തനങ്ങൾ, ജീവകാരുണ്യപ്രവർത്തനങ്ങൾ ജില്ലാതലത്തിലോ സംസ്ഥാന തലത്തിലോ നടത്തുന്ന ജെ.ആർ.സി ക്യാമ്പ്/സെമിനാർ ഇവയിലേതെങ്കിലും പങ്കെടുത്തതിന്റെ സർട്ടിഫിക്കറ്റ് ഉണ്ടായിരിക്കണം.

ഒപ്പ്,

**എം. ശിവശങ്കരൻ. ഐ.എ.എസ്**
(പൊതു വിദ്യാഭ്യാസ ഡയറക്ടർ)

GO (P) 62/89/G Edn. 08-06-1989 ഉത്തരവ് പ്രകാരം Special Fees Fund- ൽ Excusion and Scouting ഇനത്തിൽ അടയ്ക്കുന്ന സംഖ്യയുടെ 20% ജൂനിയർ റെഡ്ക്രോസ്സ് പ്രവർത്തനത്തിന് വിനിയോഗിക്കേണ്ടതാണ്. Working Fund അടയ്ക്കുവാൻ ഈ സംഖ്യ ഉപയോഗിക്കേണ്ടതാണ്. Working Fund LP &UP- Rs. 50/- High School Rs. 100/-